പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1276.

12.03.2015 ൽ മറുപടിക്ക്

പാചകവാതക വിതരണം - താലൂക്ക്തല അദാലത്തുകൾ

**ചോദ്യം**

**ശ്രീ.കെ.ശിവദാസൻ നായർ**
**,, അൻവർ സാദത്ത്**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, ടി.എൻ. പ്രതാപൻ :**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പാചകവാതക വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജില്ലാതല ഓപ്പൺ ഫോറത്തിൽ ഉപഭോക്താക്കൾക്ക് തർക്ക പരിഹാരത്തിന് പോകേണ്ട അവസ്ഥ ഇത്തരത്തിൽ താലൂക്ക് അദാലത്തുകൾ സംഘടിപ്പിച്ച് ഒഴിവാക്കുമോ ;

(സി) താലൂക്ക് തല അദാലത്തുകളിൽ ഓയിൽ കമ്പനി പ്രതിനിധികൾക്ക് പുറമെ ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

(എ) (ബി) (സി) (ഡി)

നിലവിൽ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളിലും, സിറ്റി റേഷനിംഗ് ആഫീസുകളിലും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളകട്റുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ